# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 05 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### മകരവിളക്ക് ഉത്സവം: സുരക്ഷ ശക്തമാക്കി ഫയർഫോഴ്സ്

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സുരക്ഷ ശക്തമാക്കിയിട്ടുണ്ടെന്ന് സന്നിധാനം ഫയർഫോഴ്സ് സ്പെഷ്യൽ ഓഫീസർ എം എസ് സുവി പറഞ്ഞു. മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഉപ്പുപാറ, പുല്ലുമേട്, കുമളി, സത്രം, വണ്ടിപ്പെരിയാർ, പരുന്തുംപാറ, പാഞ്ചാലിമേട്, പഞ്ഞിപ്പാറ, അയ്യൻ മല, ഇലവുങ്കൽ, അട്ടത്തോട്, ളാഹ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ പുതിയ ഫയർ യൂണിറ്റുകൾ സ്ഥാപിക്കും. ഓരോ യൂണിറ്റിലും ഒരു വാഹനവും ആറ് ജീവനക്കാരുമാണുണ്ടാവുക.മകരവിളക്കുത്സവത്തോടനുബന്ധിച്ച് കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ സന്നിധാനത്തെത്തും. തിരുവാഭരണ ഘോഷയാത്രയോടൊപ്പം ആറുപേരടങ്ങുന്ന സ്പെഷ്യൽ ടീമും ഉണ്ടാവും.

സന്നിധാനത്ത് ശരംകുത്തി, മരക്കൂട്ടം, കെ എസ് ഇ ബി, നടപ്പന്തൽ, കൊ പ്രാക്കളം, ഭസ്മക്കുളം, മാളികപ്പുറം, പാണ്ടിത്താവളം, സന്നിധാനം എന്നീഒൻപതു പോയന്റുകളിലായി അറുപത്തിയാറ് ജീവനക്കാരാണ് സന്നിധാനത്ത് സുരക്ഷയൊരുക്കുന്നത്. പമ്പയിൽ ഏഴ് പോയന്റുകളിലായി അറുപത്തിയാറ് ജീവനക്കാരും സുരക്ഷയൊരുക്കുമെന്നും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

(പി.ആർ. ശബരി–295)

## കെ.എസ്.ഇ.ബി 600 അധിക ലൈറ്റുകൾ സ്ഥാപിക്കും

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പ മുതൽ സന്നിധാനം വരെ അറുനൂറ് അധിക ലൈറ്റുകൾ സ്ഥാപിക്കുമെന്ന് കെ.എസ്.ഇ.ബി സന്നിധാനം അസിസ്റ്റന്റ് എഞ്ചിനീയർ പി ആർ രാജീവ് പറഞ്ഞു. പമ്പ മുതൽ സന്നിധാനം വരെ ഇതുവരെ 4,000 ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എൽ ഇ ഡി, ട്യൂബ്, സോഡിയം ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മകരവിളക്കിനോടനുബന്ധിച്ച് കൂടുതൽ ഉദ്യോഗസ്ഥരെ ജോലികൾക്കായി നിയോഗിക്കും. വൈദ്യുതി വിതരണം തടസമില്ലാതെ പ്രവർത്തിക്കുന്നതിനായി എല്ലാ ട്രാൻസ്ഫോർമർ പോയിന്റുകളിലും ഒരു ഉദ്യോഗസ്ഥനെ നിയമിക്കും. ഉരക്കുഴി, ഹെലിപ്പാഡ് എന്നിവിടങ്ങളിൽ കൂടുതൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കും. കെ എസ് ഇ ബിയിലെ മുതിർന്ന ഉദ്യോഗസ്ഥർ ടീമുകളായി തിരിഞ്ഞ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ പറഞ്ഞു.

(പി.ആർ. ശബരി–296)

## ശുചിത്വമില്ലാത്ത കടകൾക്കെതിരെ നടപടിയുമായി ഡ്യൂട്ടി മജിസ്ട്രേറ്റ്

മകരവിളക്ക് മഹോത്സവത്തിന് നട തുറന്നതു മുതൽ ഇന്നലെ വരെ ശബരിമലയിൽ ശുചിത്വം പാലിക്കാതിരിക്കുകയും ക്രമക്കേട് കാട്ടുകയും ചെയ്ത 152കടകൾക്കെതിരെ നടപടി. സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് എം ടി അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡാണ് പരിശോധന നടത്തിയത്. 1,40,000 രൂപ ഹോട്ടലുകളിൽ നിന്നും കടകളിൽ നിന്നും പിഴ ഈടാക്കി. സ്ക്വാഡ് നടത്തിയ പരിശോധനയിൽ കിലോകണക്കിന് ചീത്തയായ പച്ചക്കറികളും, മുളച്ച ഉരുളക്കിഴങ്ങുകളും, പഴകിയ ഭക്ഷ്യ വസ്തുക്കളും കണ്ടെത്തി നശിപ്പിച്ചു. ക്യൂ കോംപ്ലക്സിൽ അളവുതൂക്കത്തിൽ കൃത്രിമം കാണിച്ച ഹോട്ടലുകൾക്ക് 5,000 രൂപ പിഴയിട്ടു. ചരൽമേടിനും സന്നിധാനത്തിനുമിടയിലുള്ള ശുചിത്വമില്ലാത്ത മൂന്ന് കടകൾ അടപ്പിച്ചു. പൂർണ്ണമായും വൃത്തിയാക്കിയ ശേഷമാണ് അവയെ വീണ്ടും പ്രവർത്തിക്കാൻ അനുവദിച്ചതെന്നുംഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു. ചരൽമേട് ജംഗ്ഷൻ, മരക്കൂട്ടം-ശരംകുത്തി റോഡ് എന്നിവിടങ്ങളിലാണ് സ്ക്വാഡ് റെയ്ഡ് നടത്തുന്നത്. ലീഗൽ മെട്രോളജി,ഹെൽത്ത്, റവന്യൂ,റേഷനിംഗ്,എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് സ്ക്വാഡ്.

(പി.ആർ. ശബരി–297)

## കലിയുഗവരദന് സംഗീതാർച്ചന

അപ്രതീക്ഷിതമായി പെയ്ത വേനൽ മഴക്കൊപ്പം ഭക്തരുടെ മനസിനെ കുളിരണിയിച്ച് സന്നിധാനത്ത് ആർ.എൽ.വി ബൈജുവും സംഘവും സംഗീതാർച്ചന നടത്തി. സന്നിധാനം വലിയ നടപ്പന്തലിൽ വോക്കലിലും ഫ്യൂഷനിലും സംഗീതം അവതരിപ്പിച്ചപ്പോൾ ശരണ മന്ത്രഘോഷങ്ങളാൽ സന്നിധാനം ഭക്തി സാന്ദ്രമായി. ഫ്യൂഷൻ സംഗീത പരിപാടിയിൽ നീലംപേരൂർ ശ്രീറാം ഇടക്കയും ,ഹരിപ്പാട് ദേവനാരായണൻ മൃദംഗവും, വിനീത് നാദസ്വരവും ,ശ്രീനാഥ് കടപ്ര മൃദംഗവും പിന്ന ണിയായി.

(പി.ആർ. ശബരി-298)

.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 05 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### പരമ്പരാഗത പാതയിൽ പാചകത്തിന് നിയന്ത്രണം

പരമ്പരാഗത പാതയിയൽ ചെറിയാന വട്ടം മുതൽ സ്ഥാപിച്ചിരിക്കുന്ന താൽക്കാലിക വിരികളിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സുരക്ഷാ മാനദണ്ഡങ്ങളിലെ നടപടിയ്ക്ക് ആധാരം. മതിയായ സുരക്ഷ ഉറപ്പുവരുത്താൻ ഫോറസ്റ്റ്, ഫയർഫോഴ്സ്, പോലീസ് അധികാരികൾക്ക് നിർദേശം നൽകിയിട്ടുണ്ടന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു. പമ്പ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് ദിവസങ്ങളിലായി പ്രവർത്തിച്ചുവരുന്ന സ്കോഡ് പമ്പയിലെ വിവിധ ഹോട്ടലുകളിലും വ്യാപാരസ്ഥാപനങ്ങളും പരിശോധനയിൽ പഴകിയ ആഹാരസാധനങ്ങൾ കണ്ടെത്തുകയും കരാറുകളിൽ നിന്നും 1,28,000 രൂപ പിഴ ഈടാക്കുകയും ചെയ്തു. പമ്പയിലെ താൽക്കാലിക വിരിവയ്പ്പ് കേന്ദ്രത്തിൽ ഭക്തരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പിഴ ഇടാക്കി. പമ്പയിൽ ഭക്തർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ അടിഞ്ഞു കൂടി കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് അവ കാര്യക്ഷമമായി നീക്കം ചെയ്യാൻ കരാറുകരന് നിർദേശം നൽകി, വേണ്ട നടപടികൾ സ്വീകരിച്ചതായും അദ്ദേഹം അറിയിച്ചു. റവന്യൂ, സിവിൽ സപ്ലൈസ്, ലീഗൽ ,അരോഗ്യ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പുകൾ സംയുക്തമായാണ് പരിശോധന നടത്തിയത്.

(പി.ആർ. ശബരി-299)

## കാട്ടുപന്നിയുടെ ആക്രമണം: അയ്യപ്പഭക്തർ ചികിത്സതേടി

കാട്ടു പന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ അയ്യപ്പഭക്തർ പമ്പ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി. ഒമ്പതോളം അയ്യപ്പഭക്തർക്കാണ് കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റത്. നിസാര പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകിയ ശേഷം കൂടുതൽ ചികിത്സ ആവശ്യമുള്ളവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് അയച്ചു. പരിക്കേറ്റവരിൽ മലയാളികളും തമിഴ്നാട്ടിൽ നിന്നുള്ള അയ്യപ്പഭക്തരും ഉൾപ്പെടുന്നു.

(പി.ആർ. ശബരി-300)

.

## ശബരിമല നാളത്തെ (06-01-2020) ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ

3 മണിക്ക് തിരുനട തുറക്കൽ

3.05 ന് നിർമ്മാല്യ ദർശനം

3.10 ന് അഭിഷേകം

3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം

3.30 ന് ഗണപതിഹോമം

7.30 ന് ഉഷപൂജ

8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും

11.45ന് കലശാഭിഷേകം

12 മണിക്ക് കളഭാഭിഷേകം

12.30ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം 4 മണി തിരുനട തുറക്കൽ

6.30ന് ദീപാരാധന

7 മണിക്ക് പുഷ്പാഭിഷേകം

9.30 ന് അത്താഴപൂജ

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.